# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5866** **04.11.2016 ൽ മറുപടിക്ക്**

**കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സമയപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ റോഡുകൾ വിവിധ വകുപ്പുകൾ പല ആവശ്യങ്ങൾക്കായും കുഴിച്ചതിനുശേഷം യഥാസമയം പൂർവ്വസ്ഥിതിയിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത്തരത്തിലുള്ള റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സമയ പരിധി നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ദിവസത്തിനകം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്; | ബി) | റോഡുകൾ കുഴിക്കുന്ന പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാൽ എത്രയും പെട്ടെന്ന് പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നടപടി സ്വീകരിക്കാറുണ്ട്. സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| സി) | നിലവിലുള്ള റോഡിന്റെ നിർമ്മാണത്തിനുപയോഗിച്ചിരുന്ന തരത്തിലുള്ള ടാറിങ് രീതിയാണോ പുനർ നിർമ്മിക്കുമ്പോഴും ഉപയോഗിക്കുന്നതെന്ന് പരിശോധിക്കാറുണ്ടോ; | സി) | പരിശോധിക്കാറുണ്ട്. |
| ഡി) | റോഡുകൾ കുഴിച്ചതിനുശേഷം നിലവിലുള്ള റോഡിന്റെ ടാറിങ് ഉപയോഗിച്ചതിനേക്കാൾ നിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് റോഡുകൾ പുനർ നിർമ്മിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും പുനർ നിർമ്മാണത്തിന് സമയപരിധി നിശ്ചയിച്ച് യഥാസമയം പുനർനിർമ്മിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും കർശന നടപടി സ്വീകരിക്കുമോ? | ഡി) | നിലവിലുള്ള റോഡിന്റെ നിർമ്മാണത്തിനുപയോഗിച്ചിരുന്ന തരത്തിലുള്ള ടാറിങ് തന്നെ പുനർനിർമ്മിക്കുമ്പോഴും ഉപയോഗിക്കണമെന്നും, ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് കുഴികൾ അടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനു നടപടി സ്വീകരിക്കുന്നതാണ്. പുനർനിർമ്മാണത്തിന് നിശ്ചിത സമയപരിധി നിശ്ചയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ